# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ST. THOMAS U.P SCHOOL PAYNKULAM

## 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ




# CENTENNIAL-2025

## സമഗ്ര വികസന പദ്ധതി

# 2025-26

# Vision 2030

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | സെന്റ് തോമസ് യു.പി സ്കൂൾ പൈങ്കുളം |
| വിലാസം | മൈലക്കൊമ്പ് പി.ഒ, തൊടുപുഴ, ഇടുക്കി |
| ഫോൺ | 04862 200716 |
| സ്കൂൾ കോഡ് | 29348 |
| വിദ്യാഭ്യാസ ഉപജില്ല | തൊടുപുഴ |
| റവന്യു ജില്ല | ഇടുക്കി |
| ബി.ആർ.സി | തൊടുപുഴ |
| സി.ആർ.സി | കുമാരമംഗലം |
| ഗ്രാമപഞ്ചായത്ത് | കുമാരമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | തൊടുപുഴ |
| ജില്ലാ പഞ്ചായത്ത് | ഇടുക്കി |
| നിയമസഭാമണ്ഡലം | ഇടുക്കി |
| താലൂക്ക് | തൊടുപുഴ |
| വില്ലേജ് | കുമാരമംഗലം |
| ഇ-മെയിൽ | stthomaspaynkulam@gmail.com |

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ, വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

# VISION 2030

# VISION

*Holistic formation towards excellence.*

# MISSION

*Children are the Gift of God, unique with immense potentialities, St. Thomas U.P School Paynkulam gives personal attention to every child to become a compassionately human, Spiritually Enlightened, Intellectually Awakened, Professionally Skilled, Socially Committed and Culturally Integrated Individuals to face the world.*

# ആമുഖം

പുരാതന പ്രസിദ്ധമായ മൈലക്കൊമ്പ് സെന്റ് തോമസ് ദേവാലയത്തിനു സമീപം മൈലക്കൊമ്പിലെയും സമീപപ്രദേശങ്ങളിലേയും കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമിട്ട് 1927-ൽ പൈങ്കുളം സെന്റ് തോമസ് യു.പി സ്കൂൾ പ്രവർത്തനമാരംഭിച്ചു. ഇടുക്കി ജില്ല പഞ്ചായത്തിൽ 9-ആം വാർഡിൽ തൊടുപുഴ-കല്ലൂർക്കാട് റൂട്ടിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. കോതമംഗലം രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

**ഓരോ ദിവസത്തേയും തീം താഴെപ്പറയുന്ന പ്രകാരമാണ്:**

03/06/2025:

**LP:** പൊതു കാര്യങ്ങൾ,

**UP:** മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ,

04/06/2025:

**LP:** റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾവാഹനസഞ്ചാരം അറിയേണ്ട കാര്യങ്ങൾ,

**UP:** ട്രാഫിക് നിയമങ്ങൾ/ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ,

05/06/2025:

**LP:** വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യവത്ക്കരണം,

**UP:** വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യവത്ക്കരണം,

09/06/2025:

**LP:** ആരോഗ്യം, വ്യായാമം, കായികക്ഷമത,

**UP: ആരോഗ്യം, വ്യായാമം, കായികക്ഷമത**

10/06/2025:

**LP: ഡിജിറ്റൽ അച്ചടക്കം,**

**UP: ഡിജിറ്റൽ അച്ചടക്കം**

11/06/2025:

**LP: പൊതുമുതൽ സംരക്ഷണം,**

**UP: പൊതുമുതൽ സംരക്ഷണം**

12/06/2025:

**LP: പരസ്പരസഹകരണത്തിന്റെ പ്രാധാന്യം,**

**UP: പരസ്പരസഹകരണത്തിന്റെ പ്രാധാന്യം**

13/06/2025:

**LP: പൊതു ക്രോഡീകരണം,**

**UP: പൊതു ക്രോഡീകരണം**

# ലക്ഷ്യങ്ങൾ

## സമഗ്ര ഗുണമേന്മാ വർഷം - വിവിധ പ്രവർത്തനങ്ങളുടെ ആസൂത്രണം

- ജൂബിലിയോടനുബന്ധിച്ച് പൂർവ്വ അധ്യാപക വിദ്യാർത്ഥി സംഗമം, വിവിധ സ്കൂളുകളെ ഉൾപ്പെടുത്തിയുള്ള കലാകായിക പ്രവർത്തനങ്ങൾ.
  - ❖ ക്വിസ്സ് മത്സരങ്ങൾ
  - ❖ ഉപന്യാസ രചനാ മത്സരം
  - ❖ ചിത്രരചന മത്സരം
  - ❖ പ്രസംഗ മത്സരം
  - ❖ അടുത്തടുത്ത സ്കൂളുകൾ തമ്മിൽ ഫുട്ബോൾ മത്സരങ്ങൾ

- സ്കൂൾ തുറന്ന് ആദ്യ 2 ആഴ്ചയും ദിനാചരണങ്ങളോടനുബന്ധിച്ചും സ്കൂളിൽ നടത്തേണ്ട ബോധവൽക്കരണ ക്ലാസ്സുകളുടെ ആസൂത്രണം - (ഹരിത വിദ്യാലയം, ക്രിയാത്മക കൗമാരം, ജീവിത പാഠം, സൈബർ ബോധവൽക്കരണം, വിമുക്തി, സുരക്ഷിത യാത്ര, ശുചിത്വം, മാതാപിതാക്കൾ അറിയാൻ)

1. ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി, മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. ദീർഘകാല വീക്ഷണത്തോടെ, അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. ഓരോ ക്ലാസ് അടിസ്ഥാനത്തിൽ L.K.G മുതൽ 7ആം ക്ലാസ് വരെ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

4. സർഗാത്മകവും രസകരവുമായ അദ്ധ്യാപനവും, അദ്ധ്യയനവും നടപ്പാക്കാൻ ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# ചരിത്രം

1999-ൽ പൈങ്കുളം സെന്റ് റീത്താസ് ഹൈസ്കൂളിന്റെ ഭാഗമായിരുന്ന യു.പി വിഭാഗം സെന്റ് തോമസ് എൽ.പി സ്കൂളിനോട് ചേർത്ത് പൈങ്കുളം സെന്റ് തോമസ് യു.പി സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. കോതമംഗലം രൂപതയുടെ Best School അവാർഡ് പലതവണ നേടിയിട്ടുണ്ട്. തൊടുപുഴ വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ വരുന്ന ഈ സ്കൂൾ പാഠ്യ പാഠ്യേതര രംഗങ്ങളിൽ നിരന്തരം മികച്ച നിലവാരം പുലർത്തുന്നു . ഗണിത-സാമൂഹ്യശാസ്ത്ര മേളകളിൽ ഉപജില്ലാതലത്തിൽ ഓവറോൾ നേടുന്നു. കായിക കലാമേളകളിലും പൈങ്കുളം സെന്റ് തോമസ് മുന്നിലാണ്. കൂടാതെ ISRO യുടെ WSW അവാർഡ്- സ്കൂൾതല ബഹിരാകാശ വാരാചരണത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടർച്ചയായി 5 തവണ ലഭിച്ചിട്ടുണ്ട്.

14 ഡിവിഷനുകളിലായി 261 കുട്ടികളും K.G വിഭാഗത്തിൽ 28 കുട്ടികളും ഇവിടെ അധ്യായനം നടത്തുന്നു. സാധാരണക്കാരായ രക്ഷിതാക്കൾക്ക് തങ്ങളുടെ മക്കളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയച്ചുപഠിപ്പിക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് 2004 മുതൽ ഇവിടെ ആരംഭിച്ച പാരലൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സ്കൂൾ കെട്ടിടം നിർമ്മിച്ച് 2015-16-ൽ പ്രവർത്തനം ആരംഭിച്ചു. മുഴുവൻ കുട്ടികൾക്കും സിലബസ് പ്രകാരമുള്ള ആരോഗ്യവിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, മ്യൂസിക്, ഡാൻസ്,

ചിത്രരചന, കരാട്ടെ, ചെണ്ട, ഫുട്ബോൾ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. വിപുലമായ ലൈബ്രറി, കമ്പ്യൂട്ടർലാബ്, സയൻസ് ലാബ്, ക്ലാസ് ലൈബ്രറി എന്നിവ ഈ സ്കൂളിന്റെ പ്രത്യേകതയാണ്. കുട്ടികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിന് Monthly Test, Mid-Term Test എന്നിവ നടത്തുന്നു. CPTA കൃത്യമായി നടത്തി വിലയിരുത്തലും ചർച്ചകളും നടത്തിവരുന്നു. ക്ലാസ്റൂം പരിമിതി പരിഹരിക്കുന്നതിനായി 2016-17-ൽ രണ്ടുമുറികൾകൂടി പുതുതായി നിർമ്മിച്ചു. ഇതോടെ രണ്ട് അദ്ധ്യാപകരുടെ തസ്തിക ഉറപ്പാക്കി. ധാരാളം പഠനപ്രവർത്തനങ്ങൾ ഈ അധ്യയന വർഷവും ആസൂത്രണം ചെയ്തിട്ടുണ്ട്

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

1. കുട്ടിയുടെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന Paulo Coelho-യുടെ സിദ്ധാന്തത്തേയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ ആന്തരീക്ഷം സൃഷ്ടിക്കൽ.

3. ലഹരി വിമുക്ത വിദ്യാലയം എന്ന കാഴ്ചപ്പാട് കുട്ടികളിൽ വളർത്തിയെടുക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നടപ്പിലാക്കൽ.

4. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

5. പാർശ്വവൽകരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

6. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

7. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്താനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

1. S.R.G യോഗത്തിൽ സെന്റ് തോമസ് യു.പി സ്കൂൾ Centenary 2025 എന്ന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം- സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ S.R.G, S.M.C, P.T.A, M.P.T.A, O.S.A, S.D.C രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ.

4. ശിൽപശാലയിൽ ഉയർന്നുവന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. P.T.A നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

## എ, ഭൗതികം - നേട്ടങ്ങൾ

2015-2016 അധ്യനവർഷത്തിൽ സെന്റ് തോമസ് യുപിഎസ്-ന്റെ സഹോദരസ്ഥാപനമായ സെന്റ് റീത്താസ് ഹൈസ്കൂളും സെന്റ് തോമസ് യു.പി.എസ്-ഉം ഒത്തുചേർന്നു പ്രവർത്തിച്ച് കൊണ്ട് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി. സെന്റ് തോമസ്-പുതിയ മന്ദിരം പണിത് പ്രവർത്തനമാരംഭിച്ചു. 16 ക്ലാസ് മുറികളുള്ള പുതിയ മന്ദിരത്തിൽ LKG മുതൽ 7ആം ക്ലാസ് വരെ 289 ഓളം കുട്ടികൾ മലയാളം ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലായി പഠിച്ചു വരുന്നു. എല്ലാ ക്ലാസ്സിലും ഭാഗികമായി ICT സംവിധാനം ക്രമീകരിച്ചിട്ടുണ്ട്.

## ബി, ഭൗതികം - പരിമിതികൾ

ലാബ്, ലൈബ്രറി എന്നിവക്ക് മതിയായ സൗകര്യങ്ങൾ ഈ കെട്ടിടത്തിലില്ല. ചുറ്റുമതിൽ പൂർണമല്ല.

കവാടമില്ല. ഡാൻസ്, കരാട്ടെ എന്നിവക്ക് പരിശീലനം നൽകാനുള്ള സംവിധാനം പരിമിതമാണ്. First-Aid റൂം ഇല്ല. രണ്ടാം നിലയിൽ ക്ലാസ് മുറികൾ മുറികൾ വേർതിരിക്കുന്നതിനും ആവശ്യമുള്ളപ്പോൾ ഹാൾ ആയി പ്രയോജനമെടുത്തുന്നതിനുമായി ഷട്ടർ സംവിധാനം സജ്ജീകരിക്കൽ. കുട്ടികൾക്ക് മഴ നനയാതെ കൈകഴുകുന്നതിനും Toilet-ലേക്ക് പോകുന്നതിനുമുള്ള സൗകര്യം. കമ്പ്യൂട്ടർ ലാബിൽ കൂടുതൽ കമ്പ്യൂട്ടറുകൾ, എല്ലാ ക്ലാസ്സുകളിലും ടൈൽ വിരിച്ച് വൃത്തിയും ഭംഗിയുമുള്ളതാക്കണം. ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള ടൈൽവർക്ക്, ഇന്റർനെറ്റ് സംവിധാനം തുടങ്ങിയവ എല്ലാ ക്ലാസ്മുറികൾക്കും ലഭ്യമല്ല. ഓഡിറ്റോറിയത്തിൽ മുഴുവൻ കുട്ടികൾക്കും സുഖകരമായ രീതിയിൽ ഇരിപ്പിട സൗകര്യം ഒരുക്കേണ്ടതുണ്ട്. വാഹനഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ഭോജനശാല ആവശ്യമാണ്. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ആകർഷകമായ പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക്, മീൻകുളം, ആധുനിക രീതിയിലുള്ള കളിസ്ഥല നവീകരണം, K.G കുട്ടികൾക്കായി ഒരു പാർക്ക് എന്നിവയും ആവശ്യമുണ്ട് .

## സി, അക്കാദമികം - നേട്ടങ്ങൾ

L.K.G മുതൽ 7 ആം ക്ലാസ് വരെ 289 കുട്ടികൾ ഇവിടെ പഠിതാക്കളായിട്ടുണ്ട്. പാഠ്യ പാഠ്യേതരരംഗത്ത് വളരെ തിളക്കമാർന്ന വിജയം കരസ്ഥമാക്കി പോരുന്ന സെന്റ് തോമസ് യു.പി സ്കൂൾ ശാസ്ത്രമേളകളിലും കലാ കായിക മത്സരങ്ങളിലും സബ്ജില്ല, ജില്ലാ തലങ്ങളിൽ ഉന്നതസ്ഥാനം അലങ്കരിച്ചുവരുന്നു.

എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് ഡേ ആചരണം നടത്തുന്നത് മൂലം കുട്ടികൾ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം നേടുന്നു. L.S.S, U.S.S മത്സരപ്പരീക്ഷകളിൽ ആറും ഏഴും കുട്ടികൾ എല്ലാ വർഷവും സ്കോളർഷിപ്പ് നേടിവരുന്നു. ബഹിരാകാശ വാരാചരണത്തോടനുബന്ധിച്ച് നടന്ന മത്സരങ്ങളിൽ തുടർച്ചയായി 8 വർഷം ഇടുക്കി ജില്ലയിലെ ബെസ്റ്റ് സ്കൂൾ ആയി ഈ സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. J.R.C, K.C.S.L, ഗൈഡിങ് യൂണിറ്റ് ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ദിനാചരണങ്ങളോടനുബന്ധിച്ചുള്ള ക്വിസ് മത്സരങ്ങളിൽ നിരവധി കുട്ടികൾ സമ്മാനാർഹരാകുന്നു. **വിടരും മലയാളം** എന്ന പഠന പ്രവർത്തനം വഴിയായി കുട്ടികളിൽ എഴുത്തും വായനയും മെച്ചപ്പെടുത്താൻ സാധിച്ചു. L.P, U.P വിഭാഗങ്ങളിലായി സബ് ജില്ലാ കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയത് കഴിഞ്ഞ വർഷത്തെ സ്കൂളിന്റെ മികച്ച നേട്ടമായിരുന്നു.

## ഡി, അക്കാദമികം - പരിമിതികൾ

സ്കൂൾ ഗ്രന്ഥശാല നവീകരണം, ലബോറട്ടറി ആധുനികവൽക്കരണം, ക്ലാസ്സ് റൂം നവീകരണം, എല്ലാ ക്ലാസ്സിലും ICT ലഭ്യതക്കുറവ്. കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള സ്ഥല പരിമിതി. വിവിധ മത്സരപ്പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം, ലബോറട്ടറി ആധുനികവത്കരണം, കലാ കായിക പരിശീലനത്തിന് അദ്ധ്യാപകരുടെ പൂർണസമയ സേവനം

ലഭ്യമാക്കൽ. കൃഷിക്കാവശ്യമായ സ്ഥലപരിമിതി. മത്സ്യക്കുളം നിർമ്മാണം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
|---|---|---|
| ഭാഷാശേഷിവികസനം<br>ഗണിതശേഷിവികസനം<br>ഇംഗ്ലീഷ് പഠനപരിപോഷണം<br>ശാസ്ത്രപോഷണ പരിപാടി<br>വായനാ പരിപോഷണം<br>ലൈബ്രറി ശാക്തീകരണം<br>ലബോറട്ടറി ആധുനികവത്കരിക്കൽ | ചുറ്റുമതിൽ, ഗേറ്റ്<br>കളിസ്ഥലം<br>ചിൽഡ്രൻസ് പാർക്ക്<br>ക്ലാസ് മുറികൾ<br>ഓഫീസ് മുറി<br>സ്റ്റാഫ് മുറി<br>വിശ്രമ മുറി<br>കമ്പ്യൂട്ടർ മുറി<br>ലൈബ്രറി, വായനാ മുറി<br>ഡൈനിംഗ് ഹാൾ<br>അസംബ്ലി ഹാൾ<br>കുടിവെള്ള വിതരണം | P.T.A ശക്തിപ്പെടുത്തൽ<br>വിദ്യാലയ വികസനസമിതി<br>പൂർവ്വ വിദ്യാർഥി സംഘടന<br>പൂർവ്വാദ്ധ്യാപകർ<br>ക്ലാസ് P.T.A<br>മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ,<br>ജീവകാരുണ്യ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| പ്രതിഭാ പോഷണ<br>പരിപാടി<br>ജൈവ വൈവിധ്യ<br>പാർക്ക്<br>പഠനയാത്രകൾ<br>സെമിനാറുകൾ<br>കലാ - കായികമേള<br>ഐ.ടി പരിശീലനം<br>അധ്യാപക<br>ശാക്തീകരണ<br>പരിപാടികൾ<br>ക്ലാസ് P.T.A<br>സജീവമാക്കൽ<br>ക്ലാസ് പത്രം/<br>സ്കൂൾ പത്രം/ മാസിക<br>പ്രവൃത്തി<br>പരിചയപഠനം<br>ഒന്നാം ക്ലാസ്<br>ഒന്നാംതരം<br>S.R.G<br>ശാക്തീകരണം<br>ശാസ്ത്രാഭിരുചി<br>വളർത്തൽ<br>രചനാ ശിൽപശാല<br>അഭിമുഖങ്ങൾ<br>സചിത്ര ഡയറി,<br>സർഗാത്മക ഡയറി, | മാലിന്യ സംസ്കരണം<br>ലബോറട്ടറി<br>പുസ്തകം<br>ചിത്രരചന<br>എന്റെ വീട്ടിലും ഒരു<br>കൃഷിത്തോട്ടം<br>എന്റെ ചെടി<br>എനിക്കും<br>പറയാനുണ്ട്<br>പച്ചക്കറിത്തോട്ടം<br>വാഹന സൗകര്യം<br>Water purifier,<br>Love plastic,<br>Waste burning<br>incinerator,<br>Toilet നവീകരണം,<br>First- Aid മുറി,<br>White Board, ഫസ്റ്റ്<br>എയ്ഡ് മുറി,<br>കരാട്ടെ, ഡാൻസ്<br>പരിശീലന മുറി,<br>മിനി<br>കോൺഫറൻസ്<br>ഹാൾ. രണ്ടാം<br>നിലയിൽ ക്ലാസ്<br>മുറികൾ മുറികൾ<br>വേർതിരിക്കുന്നതി<br>നും | (അനാഥാലയങ്ങൾ,<br>വൃദ്ധമന്ദിരങ്ങൾ) |

| | | |
|---|---|---|
| മെഡിക്കൽ ക്യാമ്പ്, പോഷകാഹാര പരിപാടി, ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ, ഭാഷാലാബ്, ടേം - മൂല്യനിർണയം നിരന്തരവിലയിരുത്തൽ ദിനാചരണം കായിക പഠനം ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ ഗണിതോത്സവം ഭാഷോത്സവം, കാവ്യോത്സവം, പഠനോത്സവം, ഇന്റർ സ്കൂൾ മത്സരങ്ങൾ, രചനാ മത്സരങ്ങൾ, ക്വിസ്സ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ | ആവശ്യമുള്ളപ്പോൾ ഹാൾ ആയി പ്രയോജനമെടുത്തുന്നതിനുമായി ഷട്ടർ സംവിധാനം സജ്ജീകരിക്കൽ. കുട്ടികൾക്ക് മഴ നനയാതെ കൈകഴുകുന്നതിനും Toilet-ലേക്ക് പോകുന്നതിനുമുള്ള സൗകര്യം. കമ്പ്യൂട്ടർ ലാബിൽ കൂടുതൽ കമ്പ്യൂട്ടറുകൾ, എല്ലാ ക്ലാസ്സുകളിലും ടൈൽ വിരിച്ച് വൃത്തിയും ഭംഗിയുമുള്ളതാക്കണം. | |

## ***UP Section Period Allotment & Periods Per Week***

| **SUBJECTS** | **V** | **VI** | **VII** |
|---|---|---|---|
| FIRST LANGUAGE PART I | 4 | 4 | 4 |
| FIRST LANGUAGE PART II | 2 | 2 | 2 |
| SECOND LANGUAGE (ENGLISH) | 6 | 5 | 5 |
| THIRD LANGUAGE (HINDI) | 2 | 3 | 3 |
| BASIC MATHS | 5 | 5 | 5 |
| GENERAL SCIENCE | 5 | 5 | 5 |
| SOCIAL SCIENCE | 5 | 5 | 5 |
| WORK EXPERIENCE | 3 | 3 | 3 |
| ART EDUCATION | 3 | 3 | 3 |
| HEALTH AND PHYSICAL EDUCATION | 3 | 3 | 3 |
| SARGA VELA | 1 | 1 | 1 |
| LIBRARY | 1 | 1 | 1 |

## ***L.P Section Period Allotment & Periods Per Week***

| SUBJECTS | I | II | III | IV |
|---|---|---|---|---|
| MALAYALAM/FIRST LANGUAGE | 10 | 10 | 10 | 10 |
| MATHEMATICS | 6 | 6 | 6 | 6 |
| ENVIRONMENTAL STUDIES | 5 | 5 | 6 | 6 |
| WORK EXPERIENCE | 3 | 3 | 3 | 3 |
| ART EDUCATION | 3 | 3 | 3 | 3 |
| HEALTH & PHYSICAL EDUCATION | 3 | 3 | 2 | 2 |
| ENGLISH | 5 | 5 | 5 | 5 |
| SARGA VELA | 1 | 1 | 1 | 1 |

# ജൂബിലി വർഷ പ്രവർത്തനങ്ങൾ

## 100-ന്റെ നിറവിൽ കർമ്മ പദ്ധതികൾ

## 2025-26

- പുസ്തക പരിചയം - സാഹിത്യകാരന്മാരെ പരിചയപ്പെടുക
- സ്കൂൾ റേഡിയോ - Centennial Radio (തിങ്കൾ - വ്യാഴം)
- ക്വിസ് - Centennial Quiz
- ദിനപ്പത്രം - എന്റെ ദിനചര്യ
- KCSL - Friday
- Daily News Updates
- നല്ലപാഠം സ്റ്റോർ - കുട്ടിക്കച്ചവടം
- My Dictionary
- Think & Speak
- N.S.S - National Savings Scheme
- സ്കൂൾ പാർലമെന്റ്
- പച്ചക്കുടുക്ക
- Green Protocol - School Campus
- ഭവന സന്ദർശനം
- പൊതിച്ചോറ് വിതരണം
- Talent Club - ശാസ്ത്ര അഭിരുചി വർധിപ്പിക്കുക
- പിറന്നാൾ പുസ്തകം
- രോഗി സന്ദർശനം
- അവധിക്കാല ഉത്സവം
- Salfie - മത്സരം
- അടുക്കളത്തോട്ടം
- Exhibition - B.S
- Exhibition - S.S
- എന്റെ പൂന്തോട്ടം
- കുട്ടിക്കർഷകൻ

- ക്യഷിയിടങ്ങൾ തേടി യാത്ര
- സ്കൂൾ കലോത്സവം
- പ്രവർത്തി പരിചയ മേള
- ശാസ്ത്രോത്സവം
- ഗണിത ശാസ്ത്രമേള
- ദീപിക - കളറിംഗ് മത്സരം
- ട്രാഫിക് - Awareness Class
- Drug - Awareness Class
- വിടരും മലയാളം
- Iron folic acid tablet distribution
- Health & Hygiene
- Thought of the day
- L.S.S & U.S.S Coaching
- Hello English
- Inter school chess competiton
- Inter school football competition
- Inter school shuttle competition
- Inter school carroms competition
- Inter school cricket competion
- Inter school hand writing competition
- Food Fest
- Dry Day
- കൈ കഴുകൽ - Demonstration
- Seed club
- പൂർവ്വ വിദ്യാർത്ഥി സംഗമം
- പൂർവ്വ അധ്യാപക സംഗമം - (ഗുരുവന്ദനം)
- പൂർവ്വ വിദ്യാർത്ഥികളായ വൈദികരെയും സന്യസ്ഥരെയും ആദരിക്കൽ
- അങ്കണവാടി ഫെസ്റ്റ്
- ജൂബിലി വർഷം - മെഗാ ജൂബിലി സമാപനം

# സ്കൂൾ പ്രവർത്തനസമയം

9.30 - Warning bell

9.40 - Second bell

9.45 - Third bell

**CLASS TIME:-**

PERIOD 1 - 9.45.....10.25 (40 Minutes)
PERIOD 2 - 10.25.....11.05 (40 Minutes)

**Interval**

**11.05.........11.15**

PERIOD 3 - 11.05.....11.55 (40 Minutes)
PERIOD 4 - 11.55.....12.30 (35 Minutes)

**Interval**

**12.30.........1.30**

PERIOD 5 - 1.30.....2.05 (35 Minutes)
PERIOD 6 - 2.05.....2.40 (35 Minutes)

**Interval**

**2.40.........2.45**

PERIOD 7 - 2.45.....3.15 (30 Minutes)
PERIOD 8 - 3.15.....3.45 (30 Minutes)

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സമഗ്ര വികസന പദ്ധതി 2025-26

### അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|
| 1. a. ഭാഷാശേഷി വികസനം | ലൈബ്രറി വികസനം<br>ആഴ്ചതോറും പുസ്തക വിതരണം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>പിറന്നാൾ സമ്മാനം-ക്ലാസ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം -<br>പുസ്തകത്തൊട്ടിൽ<br>മലയാളത്തിളക്കം<br>എന്റെ കഥ-കവിത-വാർത്താപുസ്തകം,<br>വിടരും മലയാളം,<br>വായനാക്കളരി,<br>വായനാവാരം -June 19,<br>സാഹിത്യകാരന്മാരെ പരിചയപ്പെടൽ,<br>കഥാപാത്ര ദൃശ്യാവിഷ്കാരം,<br>കുട്ടിക്കവിത, | 2 വർഷം | 10000/-<br>PTA Fund |

| | | | |
|---|---|---|---|
| | കുട്ടിക്കഥ,<br>അക്ഷര - കളികൾ<br><br>വർത്തമാനപ്പത്രവിതരണം (ഓരോ ക്ലാസിലും),<br>വാർത്താവായന (സ്കൂൾ അസംബ്ലി), C.D പ്രദർശനം,<br>ചിത്രപ്രദർശനം<br>കൈപ്പുസ്തകനിർമ്മാണം<br>ചുമർപ്പത്രിക നിർമ്മാണം<br>വായനാക്കാർഡുകൾ നിർമ്മാണം, വിതരണം<br>വായന-കുട്ടികൾക്ക് പ്രോത്സാഹനം നൽകൽ<br>1,2 ക്ലാസുകളിൽ ദിനംപ്രതി കേട്ടെഴുത്ത്<br>യൂണിറ്റ് ടെസ്റ്റുകൾ<br>വിദ്യാരംഗം<br>കലാസാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കൽ<br>വർക്ക്ഷീറ്റുകൾ കണ്ടെത്തി വിതരണം<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ,<br>അമ്മവായന, | | |
| b. വായനാ പരിപോഷണം | | | |

| | | | |
|---|---|---|---|
| | ചിത്ര ഗാലറി,<br>സാഹിത്യ പ്രതിഭകളെ<br>അടുത്തറിയുക | | |
| 2.ഗണിതശേഷി വികസനം | പദക്കാർഡുകൾ,അക്ഷര ച്ചാർട്ടുകൾ ഇവയുടെ നിർമ്മാണം- വായന പാവനാടകം,<br>മാസംതോറും Mid Term ടെസ്റ്റുകൾ<br>ഗണിതച്ചുമർ<br>ഗണിതലാബിന്റെ വികസനം<br>ഗണിതരൂപങ്ങളുടെ നിർമ്മാണം<br>സംഖ്യാബോധം ഉറപ്പിക്കൽ<br>താഴ്ന്ന ക്ലാസുകളിൽ മൂർത്തവസ്തുക്കളുപയോഗിച്ച് പഠനപ്രവർത്തനങ്ങൾ<br>ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>എളുപ്പമാക്കൽ<br>പരിമിതികൾ പരിഹരിക്കുന്നതിന് | 3 വർഷം | 25000/-<br>S.S.A Fund |

| | | | |
|---|---|---|---|
| | ആവശ്യമായ പാക്കേജ് കണ്ടെത്തൽ, ശേഖരിക്കൽ ഗണിതശാസ്ത്ര മേളയിലെ പങ്കാളിത്തം മോഡലുകൾ, പസ്സിലുകൾ, നമ്പർച്ചാർട്ട് , ജ്യോമെട്രിക്കൽ ചാർട്ടുകൾ ഇവയുടെ നിർമ്മാണം. ഉല്ലാസഗണിതം ഗണിതവിജയം പദ്ധതികളുടെ നടത്തിപ്പ് ഗണിത ശാസ്ത്രജ്ഞരുടെ ദിനാചരണങ്ങൾ വർക്ക്ഷീറ്റുകൾ കണ്ടെത്തി നൽകൽ യൂണിറ്റ് ടെസ്റ്റുകൾ, ഗണിതമൂല | | |
| 3.എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും | പഠനനിലവാരം കണ്ടെത്തൽ പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന | 3 വർഷം | 50000/- പൂർവ്വവിദ്യാർഥികൾ |

| | | | |
|---|---|---|---|
| എഴുതാനും സംസാരിക്കാനും | പാക്കേജ് കണ്ടെത്തൽ,<br>Individual Story Books<br>E-cube English<br>Hello English Activities<br>Picture Reading<br>Learn 5 new words per Day, Picture dictionary,<br>Book Review,<br>Picture Description,<br>Notice Proclamation,<br>Add More Lines,<br>Find Words,<br>ശേഖരിക്കൽ<br>ഇംഗ്ലീഷ് അസംബ്ലി<br>ഡയറിക്കുറിപ്പ്<br>One Day English Day (ആഴ്ചയിൽ)<br>Spoken English Class<br>Fruits day<br>Colour Day<br>Simple Conversation<br>ക്ലാസ് ലൈബ്രറി<br>വായനാസാമഗ്രികൾ<br>കണ്ടെത്തൽ,<br>നിർമ്മാണം<br>ഓരോ ക്ലാസിനും<br>ഇംഗ്ലീഷ് പത്രം<br>പതിപ്പുകൾ<br>മാഗസിനുകൾ<br>തയ്യാറാക്കൽ<br>രചനാശിൽപങ്ങൾ<br>ഇംഗ്ലീഷ് | | |

| | | | |
|---|---|---|---|
| 4.ശാസ്ത്ര പോഷണ പരിപാടി | നിഘണ്ടുനിർമ്മാണം<br>Word Bank (ഓരോ ക്ലാസിനും)<br>എന്റെ കഥ (My Story)<br>എന്റെ പാട്ട്<br>Copy Books<br>Hello English<br>Big Book<br>Gift Box<br>Language Games<br><br>ശാസ്ത്ര മൂല ഉറപ്പാക്കൽ (പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും)<br>വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ (വാങ്ങേണ്ടവ , ശേഖരിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ)<br>ശാസ്ത്രമേളകളിലെ പങ്കാളിത്തം<br>ചാർട്ടുകൾ ശേഖരണം | 4 വർഷം | 100000/-<br>SSA Fund |

| | | | |
|---|---|---|---|
| | പരീക്ഷണങ്ങളിൽ<br>ഏർപ്പെടൽ<br>നിരീക്ഷണക്കുറിപ്പ്<br>തയ്യാറാക്കൽ<br>കൊച്ചു കൊച്ചു<br>കണ്ടുപിടിത്തങ്ങൾ<br>പ്രോജക്ടുകൾ<br>Working Models<br>നിർമാണം<br>ഫീൽഡ് ട്രിപ്പുകൾ<br>(കൃഷിഭവൻ, Post Office<br>ഭക്ഷ്യസുരക്ഷാകേന്ദ്രം,<br>മണ്ണുഗവേഷണകേന്ദ്രം,<br>പക്ഷി സങ്കേതം)<br>പക്ഷി നിരീക്ഷണം<br>ജൈവവൈവിധ്യ<br>പാർക്കുനിർമ്മാണം,<br>ശലഭോദ്യാനം,<br>പരിസ്ഥിതിസംരക്ഷണ<br>പ്രവർത്തനങ്ങളിൽ<br>ഏർപ്പെടൽ<br>നെൽവയലുകൾ<br>സന്ദർശനം<br>ജൈവകൃഷിയിൽ<br>ഏർപ്പെടൽ<br>തദ്ദേശവിളകളുടെ<br>കണ്ടെത്തൽ,<br>കൃഷി | | |

| | | | |
|---|---|---|---|
| | പരിസരശുചീകരണം<br>പരിസ്ഥിതി സംരക്ഷണ<br>പ്രവർത്തനങ്ങൾ<br>ദിനാചരണങ്ങൾ, ICT,<br>Dry Day, Zero hour,<br>ലാബ് - ആവശ്യമായ<br>സാധനങ്ങൾ<br>മൈക്രോസ്കോപ്പ്,<br>കാലിഡസ്കോപ്പ്,<br>പെരിസ്കോപ്പ്, ലെൻസ്<br>വിവിധ മോഡലുകൾ<br>സ്ലൈഡ്സ്, കവർ<br>ഗ്ലാസ്, സ്റ്റെയിൻ,<br>കെമിക്കൽ<br>HCL, $HNO_3$, Litmus<br>പേപ്പർ<br>Specimens - Animals,<br>Plants<br>വിസ്മയ യാത്ര<br>ശാസ്ത്ര വിസ്മയങ്ങൾ<br>കുട്ടികളിൽ എത്തിക്കുക<br>ശാസ്ത്ര നാടകങ്ങൾ<br>പാഠഭാഗത്തെ<br>ആസ്പദമാക്കി<br>ശാസ്ത്ര വിസ്മയ ചുമർ<br>യുറേക്ക ശാസ്ത്രലൈബ്രറി | | |

| | | | |
|---|---|---|---|
| 5.സാമൂഹ്യശാസ്ത്രം | Map, Globe, Models ഇവയുടെ ഉപയോഗം ഫലപ്രദമായി നടപ്പാക്കൽ<br>മേളകളിലെ പങ്കാളിത്തം (Quiz, Models, Chart, Speech)<br>ഫീൽഡ് ട്രിപ്പുകൾ (മ്യൂസിയം, പുരാവസ്തുഗവേഷണകേന്ദ്രങ്ങൾ)<br>ദിനാചരണങ്ങൾ<br>സ്റ്റാമ്പ്, നാണയം തുടങ്ങിയവയുടെ ശേഖരണം<br>ICT സൗകര്യം പ്രയോജനപ്പെടുത്തൽ<br>പ്രാദേശിക ചരിത്ര രചന<br>അഭിമുഖങ്ങൾ,<br>ഭൂപട വായന,<br>ഭൂപട നിർമ്മാണം | 3 വർഷം | 75000/- പഞ്ചായത്ത് |
| 6.ഹിന്ദി | ഹിന്ദി ദിവസ്<br>ഹിന്ദി അസംബ്ലി<br>ബാലദിവസാചരണം<br>ഹിന്ദി ക്ലബ് രൂപീകരണം | 2 വർഷം | 15000/- PTA Fund |

| | | | |
|---|---|---|---|
| | ഹിന്ദി പ്രസംഗങ്ങൾ നടത്തൽ<br>ഹിന്ദി Quiz<br>ഹിന്ദി ഡിക്ഷണറി,<br>Simple Conversation<br>വായനാ വാരാചരണം,<br>കുറിപ്പ് തയ്യാറാക്കൽ<br>I.C.T സൗകര്യം പ്രയോജനപ്പെടുത്തൽ<br>അക്ഷരമാലാച്ചാർട്ട്<br>സുരീലി ഹിന്ദി<br>സ്കോളർഷിപ്പ് ,<br>കലോത്സവങ്ങൾ ഇവയിൽ പങ്കെടുക്കൽ, | | |
| 7.അറബി | അറബി ക്ലബ്ബ് രൂപീകരണം<br>അറബി കലോത്സവങ്ങളിൽ പങ്കെടുക്കൽ<br>അറബി അസംബ്ലി<br>വർക്ക് ഷീറ്റുകൾ കണ്ടെത്തി വിതരണം പൂർത്തിയാക്കൽ,<br>യൂണിറ്റ് ടെസ്റ്റ്, Mid Term Test, പദക്കാർഡുകൾ,<br>അക്ഷരമാലാച്ചാർട്ട് | 2 വർഷം | 10000/-<br>P.T.A Fund |

| | | | |
|---|---|---|---|
| 8.കായികം | ഇവയുടെ നിർമ്മാണം, വായന, സാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കൽ, കൈയക്ഷര മത്സരം, അറബി പതിപ്പ്.<br>Sports-ൽ അഭിരുചിയുള്ളവരെ കണ്ടെത്തൽ<br>ക്ലബ് രൂപീകരിക്കൽ<br>ദിനംപ്രതി പരിശീലനം നൽകൽ<br>കായികമത്സരങ്ങളിൽ പങ്കെടുപ്പിക്കൽ<br>വിജയികളെ ആദരിക്കൽ<br>എല്ലാ കുട്ടികൾക്കും ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും വികസനത്തിനും ഉതകുന്ന കളികൾക്ക് അവസരം. (Football, Volleyball, Shuttle, Chess...)<br>ആയോധന കലകളിൽ പരിശീലനം (കരാട്ടേ, കുങ്ഫു, യോഗ...) | 5 വർഷം | 200000/- MLA Fund |

| | | | |
|---|---|---|---|
| 9.കല | എല്ലാ കുട്ടികൾക്കും സൈക്കിൾ പരിശീലനം സൈക്കിൾ ക്ലബ് രൂപീകരണം. കലയിൽ അഭിരുചിയുള്ളവരെ കണ്ടെത്തൽ, ക്ലബ് രൂപീകരണം, ഉപകരണങ്ങൾ ലഭ്യമാക്കൽ, നൃത്ത പരിശീലനം. ചിത്രരചനാ പരിശീലനം, സംഗീതപരിശീലനം, പ്രസംഗ പരിശീലനം, വിദ്യാരംഗം കലാസാഹിത്യവേദി മത്സരങ്ങളിൽ പങ്കെടുക്കൽ, മറ്റു കലാമത്സരങ്ങളിൽ പങ്കെടുക്കൽ വിജയികളെ ആദരിക്കൽ സ്കൂൾ ദിനാഘോഷത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ എല്ലാ വെള്ളിയാഴ്ച്ചകളിലെയും 8-ആം പീരിയഡ് | 5 വർഷം | 200000/- MP Fund |

| | | | |
|---|---|---|---|
| | 'സർഗവേള'<br>എല്ലാ മാസവും<br>'ബാലസഭ'<br>പ്രസംഗങ്ങൾ (ക്ലാസ്, ബാലസഭ, അസംബ്ലി...)<br>വിജയികളെ ആദരിക്കൽ,<br>സർഗ്ഗാത്മക ഡയറി,<br>സമൂഹത്തിലെ കലാകാരന്മാരുടെ അഭിമുഖങ്ങൾ,<br>സന്ദർശനങ്ങൾ. | | |
| 10. ലൈബ്രറി ശാക്തീകരണം | പുസ്തകങ്ങൾ തരംതിരിച്ചു സൂക്ഷിക്കൽ<br>(അതാതു ക്ലാസുകൾക്ക്)<br>വായനാമുറി സജ്ജീകരിക്കൽ<br>ആനുകാലിക പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ<br>ആഴ്ചതോറും പുസ്തകവിതരണം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>ഞാൻ വായിച്ച പുസ്തകം (അസംബ്ലിയിൽ വിവരണം, ക്ലാസ്...) | 2 വർഷം | 100000/-<br>SSA Fund |

| | | | |
|---|---|---|---|
| | വായനാമൂല (ഓരോ ക്ലാസിലും) വീട്ടിൽ ഒരു ലൈബ്രറി, അമ്മവായന, കുട്ടി വായന . | | |
| 11.ലബോറട്ടറി ആധുനികവൽക്കരിക്കൽ | ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, പരീക്ഷണ സാമഗ്രികളുടെ ലഭ്യത, ലാബ് ഹൈടെക്ക് ആക്കുക. | 5 വർഷം | 100000/- MLA Fund |
| 12. ജൈവവൈവിധ്യ പാർക്ക് | Eco Club പ്രവർത്തനാരംഭം, ഔഷധത്തോട്ടനിർമ്മാണം , ശലഭോദ്യാനം, പച്ചക്കറികൃഷി അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ ലഭ്യത ഉറപ്പാക്കൽ, വിത്ത് ബാങ്ക്, കാർഷിക നേഴ്സറികൾ, ഔഷധച്ചെടി നേഴ്സറികൾ - സന്ദർശനം ചുറ്റുപാടും മരങ്ങൾ വച്ചുപിടിപ്പിക്കൽ, | 1 വർഷം | 25000/- SSA |

| | | | |
|---|---|---|---|
| | വഴിയോരത്തണൽ,<br>മീൻകുളനിർമ്മാണം<br>മണ്ണിരക്കമ്പോസ്റ്റുനിർമ്മാണം<br>ജൈവകീടനാശിനി നിർമ്മാണം<br>പരിസ്ഥിതി ദിനം, കർഷകദിനം, ഭൗമദിനം, ഇവ സമുചിതമായി ആഘോഷിക്കൽ, മികച്ച കർഷകനെ കണ്ടെത്തൽ (കുട്ടികളിൽ നിന്ന്) ആദരിക്കൽ<br>മികച്ച ഔഷധത്തോട്ട പരിപാലകനെ കണ്ടെത്തൽ, ലവ് പ്ലാസ്റ്റിക്. | | |
| 13.ഒന്നാം ക്ലാസ് ഒന്നാന്തരം | ഒന്നൊരുക്കം<br>മഴപ്പാട്ട്<br>മഴനടത്തം<br>വട്ടത്തിൽ നിന്നും വട്ടത്തിലേക്ക്<br>മീനിനെ നിർമ്മിക്കാം<br>Passing the ball<br>സ്വതന്ത്രവേള<br>വലുതിൽ നിന്ന് | 2 വർഷം | 75000/- പഞ്ചായത്ത് |

| | | | |
|---|---|---|---|
| | ചെറുതിലേക്ക്<br>വഴി കണ്ടുപിടിക്കാം<br>Sponge-നു ദാഹം<br>താളാത്മകമായ<br>ചലനങ്ങൾ<br>താളത്തിൽ കൈകൊട്ടാം<br>രൂപങ്ങൾ തിരിച്ചറിയാം<br>കയ്യുറ പാവ<br>താളാത്മകമായി<br>കൈകൊട്ടാം<br>Name Tree<br>ആരാണ് കേമൻ<br>പാട്ടുനടത്തം<br>തരം തിരിക്കാം<br>കൂട്ടങ്ങളാക്കാം<br>അളക്കാം കണ്ടെത്താം<br>പച്ചിലകൾ<br>ഇല വിയർക്കുമോ<br>ആര് ആദ്യം<br>കാന്തകൗതുകം<br>പോം.... പോം....<br>Catch the Balloon<br>Dancing Ball<br>രൂപങ്ങൾ ഉണ്ടാക്കാം<br>Traffic Light Talk<br>Magic & Rhythm<br>ബോളിനെ വീഴ്ത്താം<br>Straw & റബ്ബർ<br>ബാൻഡ്സ് | | |

| | | | |
|---|---|---|---|
| | കുഞ്ഞനാന<br>Let's play Emoji<br>Feel the Object<br>ഊതാം നീക്കാം<br>മറ്റ് പ്രവർത്തനങ്ങൾ<br>സംയുക്ത ഡയറി<br>പാട്ടരങ്ങ്<br>രചനോത്സവം<br>കാഥോത്സവം<br>സാങ്കൽപ്പിക ഡയറി<br>വായനാക്കാർഡ്<br>വായനോത്സവം<br>കഥാവേള<br>ക്ലാസ്സ് പത്രം<br>തയ്യാറാക്കൽ<br>ലഘു പരീക്ഷണങ്ങൾ<br><br>പച്ചക്കുടുക്ക പദ്ധതി<br>(കുട്ടികളിൽനിന്ന്)<br>പ്ലാസ്റ്റിക് നിരോധനം<br><br>ക്ലാസ്റൂം സജ്ജീകരണം<br>- ഭിത്തികൾ<br>ചിത്രങ്ങൾ കൊണ്ട്<br>അലങ്കരിക്കുക<br>Tiles വിരിക്കൽ<br>ഇരിപ്പിട സജ്ജീകരണം<br>I.C.T സൗകര്യങ്ങൾ | | |

| | | | |
|---|---|---|---|
| | ഉറപ്പാക്കൽ<br>വായനാമൂല<br>(ചിത്രപ്പുസ്തകങ്ങൾ,<br>വലിയ<br>അക്ഷരങ്ങൾ)<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>നൽകൽ<br>ചിഹ്നങ്ങൾ അടങ്ങിയ<br>കാർഡ്<br>വാക്കുകൾ എഴുതിയ<br>കാർഡ്<br>ചിത്രം നൽകി<br>അടിക്കുറിപ്പ്<br>കഥ കവിത ബാക്കി<br>ഭാഗം പൂരിപ്പിക്കുക<br>അമ്മ വായന,<br>സചിത്ര ഡയറി,<br>വായനാക്കൂട്ടം. | | |
| 14.മൂല്യനിർണയം | യൂണിറ്റ് ടെസ്റ്റ്,<br>മാസംതോറും, Mid Term<br>ടെസ്റ്റുകൾ<br>ടേം മൂല്യനിർണ്ണയം<br>ക്ലാസ് P.T.A<br>(മാസത്തിലൊന്ന്) | | |

| | | | |
|---|---|---|---|
| 15.മെഡിക്കൽ ക്യാമ്പ്<br><br>16. പോഷകാഹാര പരിപാടി | സമയാസമയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ<br>വൈറ്റമിൻ, അയൺ ഗുളികകളുടെ ലഭ്യത<br>വിരഗുളിക എല്ലാ കുട്ടികൾക്കും മാസാമാസങ്ങളിൽ<br>പരിശോധന<br>പരിസരശുചീകരണത്തിന്റെ ആവശ്യകത (ബോധവത്കരണക്ലാസ്)<br>ശരിയായ ആഹാരശീലങ്ങൾ , ശുചിത്വ ശീലങ്ങൾ - ഇവയുടെ ആവശ്യകത ബോധ്യപ്പെടുത്തൽ<br>First Aid Box-ന്റെ ലഭ്യത<br>Counselling<br>പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഇടപെടൽ<br>നേഴ്സിന്റെ ലഭ്യത.<br><br>പോഷകസമൃദ്ധമായ ആഹാരങ്ങൾ ഉറപ്പാക്കൽ<br>കുടിവെള്ള വിതരണം | | |

| | | | |
|---|---|---|---|
| | കാര്യക്ഷമമാക്കൽ<br>വൃത്തിയുള്ള<br>ഭക്ഷണമുറി,<br>പാചകമുറി. | | |
| 17.<br>ദിനാചരണം | വിവിധ ക്ലബ്ബുകളുടെ<br>ദിനാചരണങ്ങൾ<br>സെമിനാറുകൾ<br>ബോധവത്കരണ<br>ക്ലാസുകൾ<br>റാലികൾ<br>പ്ലക്കാർഡുകൾ<br>നിർമ്മാണം<br>ബാനർ നിർമ്മാണം<br>ക്വിസ്സ്<br>പതിപ്പ് നിർമാണം,<br>പ്രസംഗ മത്സരം,<br>മാഗസിൻ നിർമ്മാണം. | | |
| 18. ഫീൽഡ്<br>ട്രിപ്പുകൾ | പഠനപ്രവർത്തനങ്ങളുമാ<br>യി ബന്ധപ്പെട്ട് ഫീൽഡ്<br>ട്രിപ്പുകൾ<br>(പോസ്റ്റോഫീസ്,<br>ഫാക്ടറികൾ, ആശുപത്രി,<br>പോലീസ് സ്റ്റേഷൻ,<br>ബാങ്ക്, മൃഗശാല,<br>മണ്ണുഗവേഷണകേന്ദ്രം, | | |

| | | | |
|---|---|---|---|
| | ഭക്ഷ്യസുരക്ഷാകേന്ദ്രം,<br>വിവിധ ഫാമുകൾ...) | | |
| 19. ഐടി പരിശീലനം | വിദ്യാലയാധിഷ്ഠിത പരിശീലനം<br>എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് I.T വിഭവശേഖരണം ഉണ്ടാക്കൽ<br>I.T അധിഷ്ഠിത വിഷയ പഠനരീതി സംബന്ധിച്ച് രക്ഷിതാക്കൾക്കായി പ്രദർശനക്ലാസുകൾ<br>കമ്പ്യൂട്ടറുകളുടെ ലഭ്യത പഠനസൗകര്യം ഉറപ്പിക്കൽ. | | |
| 20. അധ്യാപക ശാക്തീകരണ പരിപാടികൾ | അധ്യാപക പരിശീലനം ശിൽപശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ<br>അധ്യാപകർക്ക് സാങ്കേതിക പരിശീലനം നൽകൽ<br>ലാപ്ടോപ്പ് , മറ്റു പഠനോപകരണങ്ങൾ | | |

| | | | |
|---|---|---|---|
| | നൽകൽ | | |
| 21. Class P.T.A സജീവമാക്കൽ | Unit Test നടത്തി.<br>മാസത്തിലൊരിക്കൽ Class P.T.A വിളിച്ചുചേർക്കൽ<br>പഠനപ്രവർത്തനങ്ങളെക്കുറിച്ച് അവബോധം നൽകൽ<br>കുട്ടികളുടെ മികവുകളും പോരായ്മകളും ബോധ്യപ്പെടുത്തൽ<br>പഠനതന്ത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യൽ (അറിവുപകരൽ). | | |
| 22. S.R.G ശാക്തീകരണം | ആഴ്ചയിൽ ഒന്നുവീതം സമ്മേളിക്കൽ<br>പ്രവർത്തനങ്ങൾ വിലയിരുത്തൽ (ഹാർഡ് സ്പോട്ട്)<br>തുടർപ്രവർത്തനങ്ങൾ കണ്ടെത്തൽ,<br>തുടർന്നുവരുന്ന ആഴ്ചയിലേക്കുള്ള ആസൂത്രണം<br>പഠനോപകരണങ്ങൾ | | |

| | | | |
|---|---|---|---|
| | നിർമ്മാണം. | | |
| സെമിനാറുകൾ അഭിമുഖങ്ങൾ | വിദഗ്ധർ നയിക്കുന്ന ക്ലാസുകൾ, വീഡിയോ കോൺഫ്രൻസുകൾ. | | |
| 23. പ്രവർത്തി പരിചയം | അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി ക്ലബ്ബ് രൂപീകരികരണം - പരിശീലനം സാമഗ്രികൾ ശേഖരിക്കൽ തരംതിരിക്കൽ നിർമാണം P.T.A സഹായം തേടൽ (പരിശീലനത്തിന് സാമഗ്രികൾ ശേഖരണം) ഒറിഗാമി ശിൽപശാല, പരിചയ സമ്പന്നരായ അധ്യാപകരുടെ പരിശീലനം. | | |
| 24. പ്രതിഭാപോഷണ പരിപാടി | പ്രതിഭകളെ പരിചയപ്പെടുത്തൽ അഭിമുഖം, സംവാദം, ശിൽപശാല സംഘടിപ്പിക്കൽ. | | |

# തനതുപ്രവർത്തനം 2025-26

## Academic Master Plan

### Maths (മധുരം ഗണിതം)

- ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടൽ
- സംഖ്യാബോധം ഉറപ്പിക്കൽ
- മൂർത്ത അമൂർത്ത ആശയധാരണം
- ഗണിത ഉപകരണങ്ങൾ നിർമ്മിക്കൽ
- ഗണിത കേളികൾ
- ഗണിതമൂല
- അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി ശില്പശാലകൾ സംഘടിപ്പിക്കൽ

# തനതുപ്രവർത്തനം 2025-26

## Academic Master Plan

## ✧ English

Aim:Confirming that all students can listen, speak, read and write in English Language as per the age and growth of the child.

Time: June, July, August,…….March

## ✧ June- Pretest

- ✓ To develop listening skills and reading skills
- ✓ We can develop listening skill through Language Games, Action Songs, Hello English Activities, Dialogues, Skits, Stories with the help of ICT.

## ✧ Speaking Skills

- ✓ We can develop speaking skills through Encouraging conversations, Reminding students to speak loudly and articulate clearly
- ✓ Encourage students to verbally summarize or otherwise discuss the information they hear.
- ✓ Self Introduction, Assembly Activities, Speech, Quiz, Riddles, School Radio, Talk with yourself in the mirror, Use language learning apps etc

## ✧ March

We can develop Reading Skills through News paper reading, library books reading, book review, Finding new vocabularies, collecting different forms of words, collecting rhyming words, by doing textbook activities, Annotate and highlight the valuable information's as they read etc

## ✧ To Develop Writing Skills

Make word web, picture description, word chain and sentence chain, develop stories, Notice writing. Writing letters, diary entries, Announcements, Magazines etc.

# മോണിറ്ററിംഗ്

വിവിധ തലങ്ങളിലുള്ള മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നു

## ദൈനംദിന മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ, S.R.G കൺവീനർ, P.T.A പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ ദൈനംദിന മോണിറ്ററിംഗ് നടത്തുന്നു.
ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തുന്നു.
പഠനനേട്ടങ്ങൾ കൂടാതെ മലയാളത്തിളക്കം, ജൈവവൈവിധ്യപാർക്ക്, ഗണിതോത്സവം, തുടങ്ങിയവ B.R.C തലത്തിലും വിലയിരുത്തുന്നു.

## സോഷ്യൽ മോണിറ്ററിംഗ്

മാനേജ്മെന്റ്, P.T.A പ്രതിനിധികൾ, തുടങ്ങിയവരുടെ നേതൃത്വത്തിൽ സോഷ്യൽ മോണിറ്ററിംഗ് നടത്തുന്നു.

# ഉപസംഹാരം

ഈ വർഷം ശ്രദ്ധ ചെലുത്തേണ്ട ചില പ്രവർത്തനങ്ങൾ:-

- ❖ വിളംബര ജാഥ
- ❖ Annual Day
- ❖ മെഗാ ജൂബിലി സമാപനം - മെഗാ അലുമിനി മീറ്റ്
- ❖ പൂർവ്വ വിദ്യാർത്ഥി മെഗാ സംഗമം
- ❖ ഗുരുവന്ദനം
- ❖ പൂർവ്വ വിദ്യാർത്ഥികളായ വൈദികരെയും സന്യസ്തരെയും ആദരിക്കൽ - സമർപ്പിത സംഗമം
- ❖ കർഷകരെ ആദരിക്കൽ
- ❖ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കൽ

നമ്മുടെ സാമൂഹ്യപരിഷ്കർത്താക്കൾ നമുക്കു നേടിത്തന്ന മതനിരപേക്ഷതയും സാമൂഹ്യ ബന്ധങ്ങളും ഇന്ന് പാടേ തകർന്നുകൊണ്ടിരിക്കുന്നു. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾത്തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാവുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ

നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# അനുബന്ധം


ST. THOMAS U.P. SCHOOL PAYYKULAM